REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 02-04-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

1. ലോക്സഭാ തെരഞ്ഞെടുപ്പിന് സംസ്ഥാനത്ത് പ്രചാരണം ശക്തം. ഒഴിവു ദിവസങ്ങൾക്കു ശേഷം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പത്രികാ സമർപ്പണം ഇന്ന് പുനഃരാരംഭിക്കും.
2. പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിലും ഉത്തരാഖണ്ഡിലും BJP തെരഞ്ഞെടുപ്പ് പ്രചാരണ റാലികളിൽ ഇന്നു പങ്കെടുക്കും.
3. ഇന്ന് രാത്രി പതിനൊന്നര വരെ കേരളത്തിലെയും, ലക്ഷദ്വീപിലെയും തീരമേഖലയിൽ ഉയർന്ന തിരമാലകൾക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന കേന്ദ്രം.
4. സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ഉയർന്ന താപനില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
5. IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് വിജയം.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പിന് സംസ്ഥാനത്ത് പ്രചാരണം ശക്തമായി. ഒഴിവു ദിവസങ്ങൾക്കു ശേഷം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പത്രികാ സമർപ്പണം ഇന്ന് പുനഃരാരംഭിക്കും.

കഴിഞ്ഞ ദിവസങ്ങളിൽ 34 പേരാണ് പത്രിക നൽകിയത്. മൂന്ന് മുന്നണികളുടെയും ബാക്കി സ്ഥാനാർത്ഥികൾ വരുംദിവസങ്ങളിൽ പത്രിക നൽകും. വെള്ളിയാഴ്ചയാണ് സൂക്ഷ്മ പരിശോധന.

വടകര ലോക്സഭാ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു .....

**.........(വോയ്സ് ........... )**

**✪✪✪**

**ജനങ്ങളുടെ കരുത്ത് അറിയിക്കുന്ന തെരഞ്ഞെടുപ്പാണ് വരാനിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിലമ്പൂർ നിയോജക മണ്ഡലം LDF തെരഞ്ഞെടുപ്പ് പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.**

**രാജ്യത്തിന്റെ മതനിരപേക്ഷതയെ എതിർക്കുന്ന ഒരു വിഭാഗം എന്നും കോൺഗ്രസിലുണ്ടായിരുന്നുവെന്നും അത് RSS ന്റെ താത്പര്യങ്ങൾക്ക് അനുകൂലമായി മാറിയെന്നും മുഖ്യമന്ത്രി ആരോപിച്ചു.**

**✪✪✪**

**NDA എറണാകുളം ലോകസഭ മണ്ഡലം കൺവെൻഷൻ വൈകീട്ട് എറണാകുളം ടൗൺഹാളിൽ മുൻ കേന്ദ്ര മന്ത്രിയും BJP സംസ്ഥാന പ്രഭാരിയുമായ പ്രകാശ് ജാവദേകർ ഉദ്ഘാടനം ചെയ്യും. കൺവെൻഷനിൽ NDA. സ്ഥാനാർത്ഥി ഡോ. K.S രാധാകൃഷ്ണൻ ഉൾപ്പെടെ സംസ്ഥാന - ജില്ലാ നേതാക്കൾ പങ്കെടുക്കും.**

**✪✪✪**

**കോട്ടയം പാർലമെന്റ് സീറ്റിലെ LDF സ്ഥാനാർത്ഥി തോമസ് ചാഴികാടൻ നാളെ പത്രിക നൽകും. മുന്നണിയിലെ പ്രമുഖ നേതാക്കളും, പ്രവർത്തകരും പങ്കെടുക്കുന്ന റോഡ്ഷോയ്ക്ക് ശേഷമായിരിക്കും പത്രികാ സമർപ്പണം.**

**✪✪✪**

**വയനാട് മണ്ഡലത്തിൽ UDF സ്ഥാനാർത്ഥി രാഹുൽഗാന്ധി നാളെ ഉച്ചക്ക് പത്രിക സമർപ്പിക്കുമെന്ന് വയനാട് പാർലമെന്റ് മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി അറിയിച്ചു. പത്രികാസമർപ്പണത്തിന് മുന്നോടിയായി കൽപ്പറ്റ ടൗണിൽ രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ റോഡ്ഷോ നടക്കും.**

**✪✪✪**

**കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുപ്പ് സർവൈലൻസ് സ്ക്വാഡുകൾ ഇന്നലെ അനധികൃതമെന്ന് കണ്ടെത്തിയ മൂന്ന് കോടിയോളം രൂപയുടെ**

സ്വർണ്ണ ഉരുപ്പടികളും, അഞ്ച് ലക്ഷത്തി 38,000 ത്തിലേറെ രൂപയും പിടികൂടി GST വകുപ്പിന് കൈമാറി. ഇതുവരെ 40 ലക്ഷത്തോളം രൂപ പിടികൂടിയിട്ടുണ്ടെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു. ഓരോ മണ്ഡലത്തിലും ഏഴ് വീതം സ്ക്വാഡുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും ഇത് 12 ആയി ഉയർത്തുമെന്നും എക്സ്പെൻഡിച്ചർ നോഡൽ ഓഫീസർ അറിയിച്ചു.

ജില്ലയിലെ പ്രശ്നബാധിത ബൂത്തുകൾ, തെരഞ്ഞെടുപ്പ് ക്രമസമാധാന പാലനം എന്നിവ സംബന്ധിച്ച് ഇന്നലെ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ കലക്ടറുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. തെരഞ്ഞെടുപ്പ് സുരക്ഷാവിന്യാസം ഉൾപ്പെടെ കാര്യങ്ങൾ ചർച്ച ചെയ്തു. പ്രശ്നബാധിത ബൂത്തുകളെ തരംതിരിച്ച് പൊലീസ് തയ്യാറാക്കിയ പട്ടിക യോഗം പരിശോധിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ പോസ്റ്റൽ വോട്ട് ചെയ്യാൻ അർഹരായവർക്ക് പോസ്റ്റൽ വോട്ടിന് ഇന്നു കൂടി അപേക്ഷ നൽകാം. വോട്ടർപട്ടികയിൽ പേരുൾപ്പെട്ട മണ്ഡലത്തിലെ വരണാധികാരിയ്ക്കാണ് അപേക്ഷ നൽകേണ്ടത്. നിലവിൽ ജോലി ചെയ്യുന്ന ജില്ലയിലെ നോഡൽ ഓഫീസർ വഴിയോ, നേരിട്ടോ അപേക്ഷ നൽകാം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിലും ഉത്തരാഖണ്ഡിലും ഇന്ന് BJP തെരഞ്ഞെടുപ്പ് പ്രചാരണ റാലികളിൽ പങ്കെടുക്കും. ഉച്ചയ്ക്ക് ജയ്പൂർ റൂറൽ ലോക്സഭാ മണ്ഡലത്തിലെ മൊൽഹേരാ ഗ്രാമത്തിലെ റാലിയിൽ അദ്ദേഹം സംബന്ധിക്കും. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം ആദ്യമായാണ് നരേന്ദ്രമോദി രാജസ്ഥാനിൽ പ്രചാരണത്തിനെത്തുന്നത്. ഉത്തരാഖണ്ഡിലും പ്രധാനമന്ത്രി ഇന്ന് തെരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കും. നൈനിത്താളിലെ ഉദ്ദംസിംഗ് നഗർ ലോകസഭാ മണ്ഡലത്തിലെ രുദ്രപുരിലാണ് റാലി.

✪✪✪

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന് ഇരയുടെ പരിവേഷം നൽകാൻ ആം ആദ്മി പാർട്ടി ശ്രമിക്കുകയാണെന്ന് BJP വക്താവ് സുധാൻഷു ത്രിവേദി കുറ്റപ്പെടുത്തി. കെജരിവാളിനെ ജയിലിലയച്ച കോടതി ഉത്തരവ് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലാണെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

കെജരിവാളിനെതിരായ നടപടിയ്ക്കെതിരെ ഇന്ത്യ ബ്ലോക്ക് സംഘടിപ്പിച്ച റാലിയിൽ പങ്കെടുത്ത പ്രമുഖരിൽ പലരും അഴിമതിയാരോപണങ്ങൾ നേരിടുന്നവരാണെന്നും ത്രിവേദി അഭിപ്രായപ്പെട്ടു.

✪✪✪

അരുണാചൽ പ്രദേശിലെ മുപ്പത് സ്ഥലങ്ങളുടെ പേര് നിയമവിരുദ്ധമായി ക്രമീകരിച്ച ചൈനയുടെ നടപടിയെ കേന്ദ്രമന്ത്രി കിരൺ റിജിജു ശക്തമായി അപലപിച്ചു. ചൈനയുടെ അടിസ്ഥാനരഹിതമായ അവകാശ വാദങ്ങൾ ചരിത്രവസ്തുതകളുടെയും, യഥാർത്ഥ സാഹചര്യത്തിന്റെയും പശ്ചാത്തലത്തിൽ വിലപ്പോവില്ലെന്ന് അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. അരുണാചൽപ്രദേശ് ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്നും റിജിജു വ്യക്തമാക്കി.

✪✪✪

അടുത്ത രണ്ടര മാസങ്ങളിൽ രാജ്യത്ത് പലയിടത്തും കടുത്ത ഉഷ്ണതരംഗം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തുന്നതായി കേന്ദ്രമന്ത്രി കിരൺ റിജിജു ഡൽഹിയിൽ അറിയിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്ത് ഇത് ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സംസ്ഥാനങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തതായി അദ്ദേഹം പറഞ്ഞു. സാഹചര്യം നേരിടാൻ മുൻകൂട്ടി നടപടികൾ ആവിഷ്ക്കരിക്കണമെന്ന് അദ്ദേഹം ചർച്ചയിൽ നിർദ്ദേശം നൽകി.

✪✪✪

ഇന്ന് രാത്രി പതിനൊന്നര വരെ കേരളത്തിലെയും, ലക്ഷദ്വീപിലെയും തീരമേഖലയിൽ ഉയർന്ന തിരമാലകൾക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന കേന്ദ്രം മുന്നറിയിപ്പ് നൽകി. ഒന്നര മീറ്ററിലേറെ വരെ ഉയരത്തിൽ തിരമാലകൾ ഉണ്ടായേക്കാമെന്നാണ് വിലയിരുത്തൽ.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

സംസ്ഥാനത്തെ എല്ലാ ഫ്ളോട്ടിംഗ് ബ്രിഡ്ജുകളും താത്ക്കാലികമായി അഴിച്ചുമാറ്റാൻ ടൂറിസം വകുപ്പ് ഇന്നലെ തന്നെ നിർദ്ദേശം നൽകിയിരുന്നു. കോഴിക്കോട് ബേപ്പൂർ പുലിമുട്ടിലെ ഫ്ലോട്ടിങ്

ബ്രിഡ്ജിന്റെ പ്രവർത്തനം ഇന്ന് മുതൽ താത്ക്കാലികമായി നിർത്തിവെച്ചിട്ടുണ്ടെന്ന് DTPC അറിയിച്ചു.

കോവളത്ത് കഴിഞ്ഞ ദിവസമുണ്ടായ കടൽക്ഷോഭത്തിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ അടിയന്തരമായി നീക്കം ചെയ്യാൻ ജില്ലാകളക്ടർ നിർദ്ദേശം നൽകി. തീരമേഖലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം കണക്കാക്കി തുടർനടപടികൾ സ്വീകരിക്കാനും കളക്ടർ ആവശ്യപ്പെട്ടു. മത്സ്യബന്ധന യാനങ്ങൾക്കും, ഉപകരണങ്ങൾക്കും ഉണ്ടായ നാശനഷ്ടം കണക്കാക്കി റിപ്പോർട്ട് നൽകാൻ ഫിഷറീസ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം തീരത്തെ കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര താലൂക്കിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ക്യാമ്പിൽ 53 പേരെ മാറ്റിപ്പാർപ്പിച്ചു. കേന്ദ്രസഹമന്ത്രി V മുരളീധരൻ ഇന്നലെ രാത്രി അഞ്ചുതെങ്ങ് പൂന്തുറ മേഖലയിൽ സന്ദർശനം നടത്തി.

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ഉയർന്ന താപനില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കൊല്ലം, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

✪✪✪

IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് വിജയം. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലെ മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ ആറ് വിക്കറ്റിനാണ് അവർ പരാജയപ്പെടുത്തിയത്.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. ബെംഗളൂരുവിലെ M.ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ മുംബൈ സിറ്റിക്ക് ജയം. ഹൈദരാബാദിൽ ഇന്നലെ ഹൈദരാബാദ് FC യെ എതിരില്ലാത്ത മൂന്ന് ഗോളിനാണ് അവർ തോൽപ്പിച്ചത്.

ഇന്ന് ഒഡീഷ FC പഞ്ചാബ് FC യെ നേരിടും. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

കേരള ബ്ലാസ്റ്റേഴ്സ് മത്സരം നാളെയാണ്. കൊച്ചിയിൽ അവർ SC ഈസ്റ്റ് ബംഗാളുമായി ഏറ്റുമുട്ടും.

✪✪✪

ചെന്നൈ റെയിൽവെസ്റ്റേഷനിലെ അറ്റകുറ്റപ്പണികളെ തുടർന്ന് ഇന്നത്തെ ആലപ്പുഴ - ചെന്നൈ സെൻട്രൽ എക്സ്പ്രസ് തിരുവള്ളൂർ വരെ മാത്രമേ സർവീസ് നടത്തൂ എന്ന് റെയിൽവെ അറിയിച്ചു. ധൻബാദ് എക്സ്പ്രസും, കൊച്ചുവേളി- ഗോരഖ്പൂർ രപ്തിസാഗർ എക്സ്പ്രസും, പെരമ്പൂർ വഴി തിരിച്ചു വിട്ടിട്ടുണ്ട്. ഇന്നലെ ഇൻഡോറിൽ നിന്ന് പുറപ്പെട്ട അഹല്യനഗരി എക്സ്പ്രസും ചെന്നൈ സെൻട്രൽ സ്റ്റേഷൻ ഒഴിവാക്കി പെരമ്പൂർ വഴിയായിരിക്കും സർവീസ് നടത്തുക. ഇന്നലത്തെ ധൻബാദ് - ആലപ്പുഴ എക്സ്പ്രസിന്റെയും സർവീസ് ഇതേ റൂട്ടിലായിരിക്കും.

✪✪✪

വിശ്വകർമ സർവീസ് സൊസൈറ്റി സംസ്ഥാനകമ്മിറ്റിയുടെ വിശ്വകർമ്മ മുന്നേറ്റ യാത്രയുടെ സമാപനത്തിന്റെ ഭാഗമായി ഇന്ന് സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും നടത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു. സാമൂഹ്യ നീതി, അവസരസമത്വം, ഭരണപങ്കാളിത്തം, തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു യാത്ര.

✪✪✪

ഉണ്ണികൃഷ്ണൻ പുതൂർ സ്മാരക ട്രസ്റ്റിന്റെ പുതൂർ പുരസ്കാരം വൈകിട്ട് തൃശൂരിൽ എഴുത്തുകാരൻ വൈശാഖന് സമർപ്പിക്കും. പ്രസ് ക്ലബ് ഹാളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ എഴുത്തച്ഛൻ പുരസ്കാര ജേതാവ് ഡോ. SK വസന്തൻ അധ്യക്ഷനായിരിക്കും. പുതൂരിന്റെ പത്താം ചരമ വാർഷിക ദിനമാണ് ഇന്ന്.

✪✪✪

ചാലിയാർ പുഴയിൽ മരിച്ച നിലയിൽ കണ്ടെത്തിയ പ്ലസ് വൺ വിദ്യാർഥിനിയുടെ വീട് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

ചെയർമാൻ K.V മനോജ് കുമാർ സന്ദർശിച്ചു. കാളികാവ് കുതിരംപൊയിലിൽ പിതാവിന്റെ മർദ്ദനമേറ്റ് രണ്ടര വയസ്സുകാരി മരിച്ച സംഭവവും കമ്മീഷൻ സിറ്റിങ്ങിൽ പരിഗണിച്ചു.

✪✪✪

ആറ്റിങ്ങലിൽ ഇന്നലെ രാത്രി വ്യാപാര സ്ഥാപനത്തിന്റെ സംഭരണശാലയിൽ വൻ തീപിടിത്തമുണ്ടായി. 12 ഫയർഫോഴ്സ് യൂണിറ്റുകൾ ഒന്നരമണിക്കൂറോളം പരിശ്രമിച്ചാണ് തീ നിയന്ത്രണ വിധേയമാക്കിയത്.

✪✪✪

പാലക്കാട് ജില്ലയിലെ നെന്മാറ- വല്ലങ്ങി വേല ഉത്സവം ഇന്ന് ആഘോഷിക്കും. നെല്ലിക്കുളങ്ങര ഭഗവതി ക്ഷേത്ര ഉത്സവമായി ആഘോഷിക്കുന്ന വേല ചടങ്ങുകൾക്ക് ഇരു ദേശങ്ങളിലും പുലർച്ചെ തന്നെ തുടക്കമായി.

✪✪✪

രണ്ടു ദിവസത്തെ അവധിക്കു ശേഷം ഇന്ന് റേഷൻ കടകൾ തുറക്കും.കഴിഞ്ഞ മാസത്തെ റേഷൻ വിതരണം ഇന്ന് പുനരാരംഭിക്കും.ഈ മാസത്തെ സാധനങ്ങളുടെ വിതരണം എട്ടാം തിയ്യതി തുടങ്ങും .

✪✪✪

റഷ്യൻ മനുഷ്യക്കടത്തിൽ അകപ്പെട്ട തിരുവനന്തപുരം അഞ്ചുതെങ്ങ് സ്വദേശി പ്രിൻസ് സെബാസ്റ്റ്യൻ യുദ്ധഭൂമിയിൽ നിന്ന് ഡൽഹിയിൽ തിരിച്ചെത്തി. ഇന്ത്യൻ എംബസിയുടെ സഹായത്തോടെയാണ് പ്രിൻസിനെ രക്ഷപ്പെടുത്തിയത്.

✪✪✪